**എസ്.പി2/42544/13/ഡി.പി.ഐ.** **പൊതുവിദ്യാഭ്യാസഡയറക്ടറാഫീസ്**

തിരുവനന്തപുരം - 695 014

തീയതി : 05/12/2013

## സർക്കുലർ

വിഷയം :വിദ്യാ.-യൂണിഫോം-2013-14 വർഷത്തെ സൗജന്യ യൂണിഫോം വിതരണം-കുട്ടികളുടെ തുണിയുടെ അളവ് എടുക്കുന്നത് -സംബന്ധിച്ച്.

സൂചന :19.11.2013 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ). നം.298/2013/പൊ.വി.

സൂചന പ്രകാരം ഗവൺമെന്റ് / എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകുന്നതിന് ബിഡ്ഡർമാരെ എംപാനൽ ചെയ്യുവാൻ അനുവാദം നൽകിക്കൊണ്ടും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ എംപാനൽ ചെയ്ത ബിഡ്ഡർമാരിൽ നിന്നോ ഗുണനിലവാരം ഉറപ്പ് വരുത്തിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ നിന്നോ 2 ജോഡി യൂണിഫോം വാങ്ങാൻ അനുവാദം നൽകിക്കൊണ്ടും ഉത്തരവായിരിക്കുന്നു.

എംപാനൽ ചെയ്ത ബിഡർമാരുടെ പേരുവിവരങ്ങളും അവർ ക്വാട്ട് ചെയ്ത തുകയും അവർക്ക് നല്കേണ്ട സപ്ളൈ ഓർഡറിന്റെ മാതൃകയും മറ്റു വ്യവസ്ഥകളും അടങ്ങിയ സർക്കുലർ ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ എംപാനൽ ചെയ്യപ്പെട്ട തുണിമില്ലുകളെ സമീപിക്കുന്നതനുമുമ്പ് കുട്ടികൾക്ക് ആവശ്യമായ ഷർട്ടിംഗ് സ്യൂട്ടിംഗ്, ദുപ്പട്ട എന്നിവയുടെ ഏകദേശം മൊത്തം അളവ് എടുക്കേണ്ടതാണ്. അതുപോലെതന്നെ പ്രാദേശികമായി ലഭിക്കുന്ന തുണിത്തരങ്ങളുടെ ഗുണനിലവാരവും കമ്പോളവിലയെപ്പറ്റിയും അന്വേഷിക്കേണ്ടതാണ് (തുണിയുടെ specification ഇതോടൊപ്പം ചേർത്തിട്ടുണ്ട്, Annexure IV). ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ എത്രയും പെട്ടെന്ന് ഏറ്റെടുക്കേണ്ടതാണ്.

1. സർക്കാർ വിദ്യാലയങ്ങളിലെ 1 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികളും എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ട മുഴുവൻ ആൺ കുട്ടികളും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികളും യൂണിഫോമിന് അർഹരാണ്. (എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല).

2. ഒരു കുട്ടിക്ക് 2 ജോഡി യൂണിഫോം നൽകുന്നതിന് തയ്യൽകൂലി അടക്കം പരമാവധി 400/- രൂപ ആണ് അനുവദിക്കുന്നത്. സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ തുക എസ്.എസ്.എ. ഫണ്ടിൽ നിന്നും അനുവദിക്കുന്നത് ബി.ആർ.സി. കോർഡിനേറ്റർമാരാണ്. എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യമായ തുക ഡി.പി.ഐ.യുടെ ഫണ്ടിൽനിന്നും അനുവദിക്കുന്നത് ബന്ധപ്പെട്ട എ.ഇ.ഒ.മാരാണ്.

<u>യൂണിഫോമിന് ആവശ്യമായി വരുന്ന മൊത്തം തുണിയുടെ അളവ് ശേഖരിക്കുന്നതിനുള്ള നടപടികൾ</u>

(എ) പ്രധാനാധ്യാപകൻ മേൽ വിവരിച്ച രീതിയിൽ അർഹരായ എല്ലാകുട്ടികളുടെയും യൂണിഫോം തുണിയുടെ അളവ് യോഗ്യരായ തയ്യൽക്കാരെക്കൊണ്ട് എടുപ്പിക്കേണ്ടതും ഓരോ കുട്ടിയുടെയും വിവരങ്ങൾ അനക്സർ ഒന്നിലെ spread sheet ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

Annexure I- Class-wise requirement of cloth for uniform

| Sl.No. | Name of the eligible student | M/F | Requirement of cloth in meter | | |
|---|---|---|---|---|---|
| | | | Shirting | Suiting | Duppatta(for 8th Std. girls only) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| Total | | | | | |

(ബി) ഏഴാംതരംവരെയുള്ള ആൺകുട്ടികൾക്ക് നിക്കറിനും അരക്കൈയ്യൻ ഷർട്ടിനുമാണ് അർഹതയുള്ളത്. എട്ടാംതരത്തിലെ ആൺകുട്ടികൾ പാന്റ്സിന് അർഹരാണ്. എട്ടാംക്ളാസ്സിലെ പെൺകുട്ടികൾക്കുമാത്രമേ ദുപ്പട്ടയ്ക്ക് അർഹതയുള്ളു. 52 സെ.മി.വീതിയും 160 സെ.മീ.നീളവും ഉള്ള തുണിയുടെ അളവാണ് ഓരോ കുട്ടിക്കും ദുപ്പട്ടയ്ക്ക് വേണ്ടി എടുക്കേണ്ടത്.

(സി) എല്ലാ ക്ളാസിലേക്കും ആവശ്യമായി വരുന്ന ഷർട്ടിംഗ്, സൂട്ടിംഗ്, ദുപ്പട്ട എന്നിവയുടെ മൊത്തം അളവ് കണക്കു കൂട്ടി അനക്സർ 2 ലെ ഫോർമാറ്റിൽ നൽകിയിട്ടുള്ള spread ഷീറ്റിൽ നൽകേണ്ടതാണ്. മൊത്തം കുട്ടികളുടെ എണ്ണവും ഷർട്ടിംഗ്, സൂട്ടിംഗ്, ദുപ്പട്ട എന്നിവയ്ക്കാവശ്യമായ മൊത്തം തുണിയുടെ അളവും ഗവൺമെന്റ് സ്കൂളുകളുടെ കാര്യത്തിൽ ബി.ആർ.സി. കോർഡിനേറ്ററെയും എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസഓഫീസറെയും 2013 ഡിസംബർ 20നോ അതിനുമുമ്പോ അറിയിക്കേണ്ടതാണ്.

Annexure II- consolidated requirement of uniform for the school.

| Sl.No. | Class | Requirement of cloth in meters | | |
|---|---|---|---|---|
| | | Shirting | Suiting | Duppatta |
| | | | | |
| | | | | |
| | | | | |
| | | | | |
| Total | | | | |

*Sample to be kept @1m for every 100m

AnnexureII1 കുട്ടികളുടെ എണ്ണം മൊത്തത്തിൽ കണക്കാക്കാനുള്ള ഫോർമാറ്റ്

| | യൂണിഫോമിന് അർഹതയുള്ള കുട്ടികളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|
| | ക്ലാസ്സ് 1 | ക്ലാസ്സ് 2 | ക്ലാസ്സ് 3 | ക്ലാസ്സ് 4 | ക്ലാസ്സ് 5 | ക്ലാസ്സ് 6 | ക്ലാസ്സ് 7 | ക്ലാസ്സ് 8 |
| പെൺകുട്ടികളുടെ എണ്ണം | | | | | | | | |
| എസ്.സി ആൺകുട്ടികൾ | | | | | | | | |
| എസ്.ടി ആൺകുട്ടികൾ | | | | | | | | |
| ബി.പി.എൽ ആൺകുട്ടികൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട രക്ഷിതാക്കളുടെ കുട്ടികൾ) | | | | | | | | |
| **ആകെ എണ്ണം** | | | | | | | | |

Annexure III യിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ഞങ്ങളുടെ അറിവിൽപെട്ടിടത്തോളം പൂർണ്ണമായും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഹെഡ്മാസ്റ്റർ** **എസ്.ആർ.ജി കൺവീനർ/ സ്റ്റാഫ് സെക്രട്ടറി** **പി.ടി.എ./എസ്.എം.സി. പ്രസിഡന്റ്**

**ഒപ്പ്**
**ബിജുപ്രഭാകർ, ഐ.എ.എസ്സ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ. എ.ഇ.ഒ.(എയ്ഡഡ് സ്കൂളുകളിലെ എച്ച്.എം ന് സർക്കുലറിന്റെ കോപ്പി സഹിതം നിർദ്ദേശം നൽകേണ്ടതാണ്).
2. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും
3. ജില്ലാ പ്രോജക്ട് ഓഫീസർമാർ ബി.പി.ഒമാർക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യേണ്ടത് ഈ സർക്കുലറിന്റെ വെളിച്ചത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
4. ബി.പി.ഒമാർ സർക്കാർ സ്കൂളുകളിലെ എസ്.എം.സി /എച്ച്.എം ന് സർക്കുലറിന്റെ കോപ്പി സഹിതം നിർദ്ദേശം നൽകേണ്ടതാണ്. ഫണ്ട് എസ്.എം.സിയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.